(ഡി) ഓപ്ഷൻ ലിസ്റ്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിക്ക് ചേരുന്ന മുറയ്ക്ക് ഡെയ്‌ലി വേജസ്കാരെ പിരിച്ചുവിടും.

(ഇ) ഓപ്ഷൻ ലിസ്റ്റിൽനിന്ന് വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് 6.5.98-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. (ജി.ഒ.ആർ.റ്റി. നം.1780/98/പൊ.വി.) അതുവരെയുള്ള കാലഘട്ടത്തിൽ സമയബന്ധിതമായി അത്യാവശ്യ ജോലികൾ ചെയ്തു തീർക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിരുന്നു. ഓപ്ഷൻ നൽകിയവർ ഹാജരാകാത്തതു കാരണം സമയബന്ധിതമായി തീർക്കേണ്ട ജോലികൾക്ക് ദിവസകൂലിക്ക് ക്ലാർക്കുമാരെയും പ്യൂൺമാരെയും നിയമിച്ചിട്ടുണ്ട്. അവരെ ജോലി തീരുന്ന മുറയ്ക്ക് പിരിച്ചുവിട്ടിട്ടുണ്ട്. നിലവിലുള്ള തസ്തികകളിൽ മാത്രമെ ഇത്തരം താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളു. ഓപ്ഷൻ മുഖേനയും എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനം വൈകിയതുമൂലവും നിയമനം നൽകപ്പെട്ടവർ ജോലിക്ക് യഥാസമയം ഹാജരാകാത്തതുമൂലവും ഉണ്ടായ ഇടവേളകളിലും താൽക്കാലിക നിയമനം ആവശ്യമായി വന്നു.

111 (461) വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അനിമൽ ഹസ്ബൻഡറി കോഴ്സുകൾ തുടങ്ങാൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ അനിമൽ ഹസ്ബൻഡറി കോഴ്സുകൾ ഉള്ള സ്കൂളുകൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ കോഴ്സ് ജില്ലയിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ അനിമൽ ഹസ്ബന്ററി കോഴ്സ് നടത്തുന്ന വി.എച്ച്.എസ്.ഇ. സ്കൂൾ ഇല്ല. എന്നാൽ കോഴിക്കോട് ജില്ലയിലെ ഫറോക്കിലെ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിൽ ഈ കോഴ്സ് നടത്തുന്നുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ അനിമൽ ഹസ്ബന്ററി കോഴ്സ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് പാസ്സാക്കിയ പ്രമേയം സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം നിലവിലില്ല. ആയതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

ഉചിതമായ സമയത്ത് പരിഗണിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ പ്രമേയം വി.എച്ച്. എസ്.ഇ. ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുമ്പോൾ മലപ്പുറം ജില്ലയിൽ അനിമൽ ഹസ്ബന്ററി കോഴ്സ് തുടങ്ങുന്നകാര്യം പരിഗണിക്കുന്നതാണ്.

112 (474) ഐ. എച്ച്.ആർ.ഡി.യിലെ നിയമനങ്ങൾ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങളിൽ അഴിമതി ഉണ്ടെന്ന് ചൂണ്ടിക്കാണിച്ച് നിവേദനമെന്തെങ്കിലും ഗവൺമെന്റിന് ലഭിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏത് സംഘടനയിൽ നിന്നാണെന്നും അതിന്റെ പ്രസിഡന്റ് ആരാണെന്നും വെളിപ്പെടുത്തുമോ;

(സി) ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങളിൽ അഴിമതി ഉണ്ടെന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നും, ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഐ.എച്ച്.ആർ.ഡി.ഡയറക്ടർ അഴിമതി നടത്തിയതായി പരാതി (21-3-97) ലഭിച്ചിട്ടുണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി. എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.

(സി) ഉണ്ട്.

(ഡി) പരാതി വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അന്വേഷണത്തിന് അയച്ചു കൊടുത്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

113 (488) റാങ്ക് പുനർ നിർണ്ണയം ചെയ്ത നടപടി

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :
<u>ശ്രീ. പി.കെ.കെ. ബാവ</u> :
<u>ശ്രീ. എം.കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തി പരസ്യം ചെയ്ത റാങ്കുലിസ്റ്റിൽ ഉൾപ്പെട്ട എത്ര കുട്ടികൾക്ക് റാങ്ക് പുനർ നിർണ്ണയം ചെയ്ത് പരസ്യം ചെയ്തതിനാൽ പ്രവേശനം ലഭിക്കാതെയുണ്ട്;

(ബി) മറ്റ് കോഴ്സുകൾക്ക് പ്രവേശനം കിട്ടിയിട്ടും മെഡിക്കൽ/എഞ്ചിനീയറിംഗ് കിട്ടുമെന്ന് ഉറപ്പിച്ചു നിന്ന ഇവർക്ക് ഒരിടത്തും അഡ്മിഷൻ കിട്ടാതെ വന്ന സാഹചര്യം കണക്കിലെടുത്ത് മുൻ ലിസ്റ്റിലുള്ള എല്ലാവർക്കും അഡ്മിഷൻ ഉറപ്പുവരുത്താൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly